"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**നം. ഡിഎ1/6/2024-തസ്വഭവ**

തദ്ദേശ സ്വയംഭരണ (ഡിഎ) വകുപ്പ്

തിരുവനന്തപുരം,

തീയതി: 12-03-2026

<u>സർക്കുലർ</u>

വിഷയം:- തദ്ദേശ സ്വയംഭരണ വകുപ്പ് - തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ പ്രോജക്ടിന്റെ ഭാഗമായി ചട്ടികൾ വാങ്ങുമ്പോൾ മൺചട്ടി വാങ്ങുന്നതിന് മുൻഗണന നൽകുന്നത് - സംബന്ധിച്ച്.

സൂചന:-

1. സ.ഉ.(സാധാ)നം.2388/2022/തസ്വഭവ; തീയതി 30.09.2022
2. 30.01.2024ലെ ഡിഎ1/386/2023-തസ്വഭവ നമ്പർ സർക്കുലർ
3. വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ-ഓർഡിനേഷൻ കമ്മിറ്റിയുടെ 15.09.2025-ന്ന നടന്ന യോഗത്തിന്റെ തീരുമാനം 4.2
4. 1435/2024 നമ്പർ റിട്ട് പെറ്റീഷനിലെ ബഹു. ഹൈക്കോടതിയുടെ 10.02.2026ലെ വിധിന്യായം

**********************

കാർഷിക മേഖലയിലെ വിവിധ പ്രോജക്ടുകളുടെ ഭാഗമായി ചട്ടി വാങ്ങി വിതരണം ചെയ്യുന്നതിന് തദ്ദേശ ഭരണ സ്ഥാപനങ്ങൾ നടപടി സ്വീകരിച്ചുവരുന്നുണ്ട്. കേരള സംസ്ഥാന കളിമൺപാത്ര നിർമ്മാണ വിപണന ക്ഷേമ വികസന കോർപ്പറേഷനിൽ നിന്നും ടെൻഡർ നടപടി കൂടാതെ കളിമൺ ഉൽപ്പന്നങ്ങൾ വാങ്ങാൻ സൂചന 1 ഉത്തരവ് പ്രകാരം സംസ്ഥാനത്തെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് അനുമതി നൽകിയിട്ടുണ്ട്. പ്രത്യേക പരിഗണന നൽകേണ്ട വിഭാഗമാണ് മൺപാത്ര തൊഴിലാളികൾ എന്നതും മൺചട്ടികളുടെ പ്രകൃതി സൗഹൃദ സ്വഭാവവും കൂടി കണക്കിലെടുത്ത്, പദ്ധതി വെച്ച് കൃഷി ആവശ്യത്തിനും മറ്റും തദ്ദേശ ഭരണ സ്ഥാപനങ്ങൾ ചട്ടികൾ വാങ്ങുമ്പോൾ, മൺചട്ടികൾ വാങ്ങുന്നതിന് മുൻഗണന നൽകണമെന്ന്, വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോഓർഡിനേഷൻ കമ്മിറ്റിയുടെ 04.01.2024-ലെ യോഗ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ, സൂചന 2 സർക്കുലർ പ്രകാരം നിർദ്ദേശം നൽകിയിട്ടുമുണ്ട്. ഓഫീസുകൾ, പൊതു സ്ഥലങ്ങൾ എന്നിവിടങ്ങളിൽ കുടിവെള്ളം സൂക്ഷിക്കുന്നതിന് മൺപാത്രമുപയോഗിക്കുന്നതിന് പ്രത്യേക പരിഗണന നൽകണമെന്നു സൂചിത യോഗത്തിലും നിർദ്ദേശം നൽകിയിട്ടുണ്ട്.

2. മേൽ സാഹചര്യത്തിൽ തദ്ദേശ ഭരണ സ്ഥാപനങ്ങൾ പ്രോജക്ടുകളുടെ ഭാഗമായി ചട്ടികളും മറ്റും വാങ്ങുമ്പോൾ കളിമൺ ഉൽപ്പന്നങ്ങൾക്ക് മുൻഗണന നൽകണമെന്ന് വീണ്ടും നിർദ്ദേശം നൽകുന്നു. മേൽ പ്രകാരം സൂചന 4ലെ ബഹു. ഹൈക്കോടതിയുടെ വിധിന്യായം പാലിക്കുന്നു.

റഷീദാ എസ്

ജോയിന്റ് സെക്രട്ടറി

പകർപ്പ്

1. എല്ലാ ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
2. എല്ലാ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
3. എല്ലാ ജില്ലാ പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
4. എല്ലാ കോർപ്പറേഷൻ മേയർമാർക്കും സെക്രട്ടറിമാർക്കും
5. എല്ലാ മുനിസിപ്പാലിറ്റി ചെയർമാൻമാർക്കും സെക്രട്ടറിമാർക്കും
6. പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശസ്വയംഭരണ വകുപ്പ്
7. ഡയറക്ടർ-റൂറൽ, തദ്ദേശസ്വയംഭരണ വകുപ്പ്
8. ഡയറക്ടർ-അർബൻ, തദ്ദേശസ്വയംഭരണ വകുപ്പ്
9. അഡ്വക്കേറ്റ് ജനറൽ, കേരള (ആമുഖ കത്ത് സഹിതം)
10. ഡയറക്ടർ, ഇക്കണോമിക്സ് ആന്റ് സ്റ്റാറ്റിസ്റ്റിക്സ് വകുപ്പ്
11. ചീഫ് എഞ്ചിനീയർ, തദ്ദേശസ്വയംഭരണ വകുപ്പ്
12. ചീഫ്, വികേന്ദ്രീകൃതാസൂത്രണം, സംസ്ഥാന ആസൂത്രണ ബോർഡ്
13. എല്ലാ ജില്ലാ ആസൂത്രണ സമിതി അദ്ധ്യക്ഷന്മാർക്കും
14. എല്ലാ ജില്ലാ കളക്ടർമാർക്കും
15. എല്ലാ ജില്ലാ പ്ലാനിംഗ് ഓഫീസർമാർക്കും
16. എല്ലാ ജോയിന്റ് ഡയറക്ടർമാർക്കും (തദ്ദേശ സ്വയംഭരണ വകുപ്പ്)
17. ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
18. ചെയർമാൻ, സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ്
19. ഡയറക്ടർ ജനറൽ, കില
20. എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ
21. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്) കേരള, തിരുവനന്തപുരം
22. വിവര പൊതുജനസമ്പർക്ക (വെബ് &ന്യൂ മീഡിയ) വകുപ്പ്
23. ഉദ്യോഗസ്ഥ ഭരണപരിഷ്കാര (ജനറൽ) വകുപ്പ്
24. പിന്നാക്ക വിഭാഗ വികസന വകുപ്പ്
25. ശ്രീ. പൊന്നു പി.യു., POOLAKKAPARAMBU HOUSE, ARANGOTTUKARA PO, തൃശ്ശൂർ - 679532
26. കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by
Viraj K
Date: 13-03-2026 12:16:20

സെക്ഷൻ ഓഫീസർ